പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 332

# 2015-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ഭേദഗതി ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2015

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 332

# 2015-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ഭേദഗതി ബിൽ

44/2015.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 332

# 2015-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ഭേദഗതി ബിൽ

2010-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2010-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്റ്റ് ഇനി കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2015-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 78-ാം വകുപ്പിന്റെ ഭേദഗതി.—2010-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്റ്റിലെ (2010-ലെ 9) 78-ാം വകുപ്പ് (2)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) തടവുകാർക്ക് നൽകാവുന്ന എല്ലാ തരത്തിലുമുള്ള ഇളവുചെയ്യലും യാതൊരു സംഗതിയിലും ശിക്ഷയുടെ മൂന്നിൽ ഒന്ന് കവിയാൻ പാടുള്ളതല്ല.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2010-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്റ്റിലെ 78-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ തടവുകാർക്ക് നൽകിയിട്ടുള്ള എല്ലാ തരങ്ങളിലുമുള്ള പരോളും ഇളവ് ചെയ്യലും അവധിയും യാതൊരു സംഗതിയിലും ശിക്ഷയുടെ മൂന്നിൽ ഒന്നിൽ കവിയുവാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, നിലവിലുള്ള ചട്ടങ്ങൾ പ്രകാരം പ്രിസൺ നിയമങ്ങൾ ശരിയായും കൃത്യമായും പാലിക്കുന്ന തടവുകാർക്ക് ലഭിക്കുന്ന ഇളവുകളും അവധിയും ചേർത്താൽ പലപ്പോഴും ശിക്ഷയുടെ മൂന്നിൽ ഒന്ന് കവിയാറുണ്ട്. നിലവിലുള്ള 78-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ അവർ അനുഭവിച്ചുവരുന്ന ആനുകൂല്യങ്ങൾക്ക് കടുത്ത പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നുള്ളതിനാൽ പ്രസ്തുത ഉപവകുപ്പിൽ നിന്നും പരോൾ, അവധി എന്നീ പദങ്ങൾ ഒഴിവാക്കുകയോ അല്ലാത്തപക്ഷം പ്രസ്തുത ഉപവകുപ്പിലെ മൂന്നിൽ ഒന്ന് എന്നത് മൂന്നിൽ രണ്ടോ അല്ലെങ്കിൽ രണ്ടിൽ ഒന്നോ ആക്കി മാറ്റണമെന്നും ജയിൽ ഡി.ജി.പി. നിർദ്ദേശിക്കുകയുണ്ടായി. നിലവിലുള്ള ചട്ടങ്ങൾ പ്രകാരം പ്രിസൺ നിയമങ്ങൾ ശരിയായ വിധത്തിൽ പാലിക്കുന്ന തടവുകാർക്ക് നൽകാവുന്ന എല്ലാ തരത്തിലുമുള്ള ഇളവ് ചെയ്യലും യാതൊരു സംഗതിയിലും ശിക്ഷയുടെ മൂന്നിൽ ഒന്ന് കവിയാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്യുന്നതിനായി പ്രസ്തുത ആക്റ്റിന്റെ 78-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് ഭേദഗതി വരുത്തുന്നതിനുള്ള നിർദ്ദേശം സർക്കാർ അംഗീകരിക്കുകയുണ്ടായി. ഈ ആവശ്യത്തിനായി പ്രസ്തുത ആക്റ്റ് ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

2. മേൽപ്പറഞ്ഞ ഉദ്ദേശ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധികചെലവും ഉണ്ടാകുന്നതല്ല.

രമേശ് ചെന്നിത്തല.

## 2010-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്റ്റിൽ (2010-ലെ 9) നിന്നുള്ള പ്രസക്തഭാഗങ്ങൾ

*** *** ***

78. അവധി.—(1) നന്നായി പെരുമാറുന്നവരും അർഹരുമായ ശിക്ഷിക്കപ്പെട്ട തടവുകാർക്ക് അവരുടെ ഉത്തമ പുനരധിവാസവും പുനഃസാമൂഹിക സംസർഗ്ഗവും ലക്ഷ്യമാക്കി നല്ല പെരുമാറ്റത്തിനും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ നടപടികളോടുള്ള പ്രതികരണത്തിനുമുള്ള പ്രോത്സാഹനമെന്ന നിലയിൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ഉപാധികൾക്കും വിധേയമായി അവധി അനുവദിക്കാവുന്നതാണ്.

(2) തടവുകാർക്ക് നൽകിയിട്ടുള്ള എല്ലാ തരങ്ങളിലുമുള്ള പരോളും ഇളവു ചെയ്യലും അവധിയും യാതൊരു സംഗതിയിലും ശിക്ഷയുടെ മൂന്നിൽ ഒന്നിൽ കവിയാൻ പാടുള്ളതല്ല.

(3) അവധിയുടെ തരവും അതുമായി ബന്ധപ്പെട്ട സംഗതികളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കേണ്ടതാണ്.

*** *** ***